"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - നെല്ല് സംഭരണം - പി.ആർ.എസ്.വായ്പാ പദ്ധതി - കേരള ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിന് സപ്ലൈകോയ്ക്ക് അനുമതി - സ്പഷ്ടീകരണം നൽകി ഉത്തരവാകുന്നു.

---

**ഭക്ഷ്യപൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.48/2023/F&CS    തീയതി,തിരുവനന്തപുരം, 06-02-2023

---

പരാമർശം:-

1. സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 01.02.2023ലെ എ1/30954/17 നമ്പർ കത്ത്.
2. 02.2023ലെ സ.ഉ.(സാധാ) നം.44/2023/F&CS നമ്പർ സർക്കാർ ഉത്തരവ്
3. 03.02.2023ലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ബാങ്കിന്റെ KSCB/CCMR/PRS/7297/2022-23 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (2) പ്രകാരം നെല്ല് സംഭരണത്തിന് കർഷകർക്ക് പി.ആർ.എസ് വായ്പ നൽകുന്നതിന് കേരള ബാങ്കിൽനിന്നും വായ്പ എടുക്കുന്നതിന് സപ്ലൈകോയ്ക്ക് അനുമതി നൽകിയിരുന്നു. പരാമർശം (3) ലെ കത്തിലൂടെ ഇതുസംബന്ധിച്ച വിഷയങ്ങളിന്മേൽ വ്യക്തത വരുത്തി നൽകണമെന്ന് കേരള ബാങ്ക് അഭ്യർത്ഥിച്ചിരുന്നു. ഇതിൻപ്രകാരം താഴെ പറയുന്ന കാര്യങ്ങളിൽ വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2.പരാമർശം (2) പ്രകാരമുള്ള സർക്കാർ ഉത്തരവ് കേരളബാങ്കിനെ സംബന്ധിച്ച് PRS വായ്പയ്ക്ക് തുടർച്ചയാണെന്നും ആയതിന്റെ പലിശനിരക്ക് 7.65% നിരക്കിലാണെന്നും, കാലാവധി ഒരു വർഷത്തേയ്ക്കുമാത്രമാണെന്നും, പിഴപ്പലിശ(penal interest) ഒഴിവാക്കണമെന്നും, MOU-ലെ മറ്റ് നിബന്ധനകൾ സപ്ലൈകോയുടെയും, കേരളബാങ്കിന്റെയും ഉത്തമ താൽപ്പര്യം സംരക്ഷിച്ചുകൊണ്ടുമാകണമെന്നും, ഇതു സംബന്ധിച്ച് തുടർനടപടികളിൽ സ്പഷ്ടീകരണം/വ്യക്തത ആവശ്യമുള്ളപക്ഷം സർക്കാരിൽ നിന്നും തേടേണ്ടതാണെന്നും വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി എം അലി അസ്ഗർ പാഷ ഐ എ എസ്
സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി.

കമ്മീഷണർ, ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യം. തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരളാ ബാങ്ക്, തിരുവനന്തപുരം

കൃഷി ഡയറക്ടർ, തിരുവനന്തപുരം

കൃഷി വകുപ്പ്

കരുതൽ ഫയൽ ' ഓഫീസ് കോപ്പി [FCSD-C1/113/2020-FCSD Part I]

ഉത്തരവിൻ പ്രകാരം

Signed by
Kavitha Kumari I.S
സെക്ഷൻ ഓഫീസർ
Date: 06-02-2023 11:35:26

പകർപ്പ് ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.ഭക്ഷ്യ- പൊതുവിതരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഭക്ഷ്യ പൊതുവിതരണ വകുപ്പുസെക്രട്ടറിയുടെ പി.എയ്ക്ക്
ഭക്ഷ്യ പൊതുവിതരണ വകുപ്പ് അഡിഷണൽസെക്രട്ടറിയുടെ സി.എയ്ക്ക്